പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2735.

20.3.2015 - ൽ
മറുപടിയ്ക്ക്

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്)

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.ചന്ദ്രശേഖരൻ. | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്)-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (എ) ആധുനിക തൊഴിൽ മേഖലകൾക്ക് അനുയോജ്യമായ തൊഴിൽ നൈപുണ്യ പരിശീലനം പഠനത്തോടൊപ്പം ലഭ്യമാക്കുന്നതിലൂടെ കേരളത്തിലെ യുവതലമുറയെ കൂടുതൽ ജോലികൾക്ക് അനുയോജ്യരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, കമ്പ്യൂട്ടർ നൈപുണ്യം, തൊഴിൽ മേഖലാ നൈപുണ്യം എന്നിവ ലഭ്യമാക്കുന്നതിലൂടെ അക്കാദമിക് പഠനകാലത്തുതന്നെ അനുയോജ്യമായ തൊഴിൽ മേഖലയിൽ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുവാനുള്ള സാഹചര്യം കൂടി സൃഷ്ടിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) ഇതിന്റെ ഭാഗമായി കമ്മ്യൂണിക്കേറ്റീവ് സ്കിൽ പാർക്കുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) യും (സി) യും ഉണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനത്തിന് ഉതകും വിധം സുസജ്ജമായ പരിശീലന സമുച്ചയങ്ങളായിട്ടാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ഇത്തരം പരിശീലനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ, പരിശീലകർ എന്നിവ ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | | |
| (ഡി) | ഇതിനായി എത്ര മണ്ഡലങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഡി) | 35 നിയമസഭാ സാമാജികരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ